# Kerala Non -Resident Keralites' Welfare Board

KNRKWB

Norka Centre, II floor, Near Govt. Guest House, Thycaud P.O,
Thiruvananthapuram-695014.
Phone - +91 471 2785500,502,   Fax: +91 471 2785501
www.pravasikerala.org, e-mail: info@pravasiwelfarefund.org


## പ്രവാസി ഡിവിഡന്റ് പദ്ധതി

പ്രവാസി കേരളീയരുടെ ക്ഷേമ പരിപാടികൾ വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായും പ്രവാസി നിക്ഷേപങ്ങൾ ഫലപ്രദമായി ജന്മനാടിന്റെ വികസന പ്രവർത്തനത്തിനായി ഉപയോഗപ്പെടുത്തുന്നതിനുമായി കേരള സർക്കാർ മുന്നോട്ട് വയ്ക്കുന്ന നൂതന ദീർഘകാല നിക്ഷേപ പദ്ധതിയാണ് 'പ്രവാസി ഡിവിഡന്റ് പദ്ധതി'. നിക്ഷേപ സുരക്ഷയോടൊപ്പം പ്രവാസികൾക്കും അവരുടെ ജീവിത പങ്കാളികൾക്കും ജീവിതാവസാനം വരെ ഉറപ്പാക്കപ്പെട്ട മാസവരുമാനം ലഭ്യമാകുന്നു എന്നത് ഇതിന്റെ ഏറ്റവും വലിയ സവിശേഷതയാണ്. 3 ലക്ഷം രൂപ മുതൽ 51 ലക്ഷം രൂപ വരെയുള്ള നിക്ഷേപങ്ങൾ പ്രവാസി കേരളീയരിൽ നിന്നും സ്വീകരിക്കുകയും അത് സർക്കാർ നിശ്ചയിക്കുന്ന ഏജൻസികൾക്ക് കൈമാറി അടിസ്ഥാന സൗകര്യവികസനത്തിനായി വിനിയോഗിക്കുന്നതുമാണ്.

### *ഈ പദ്ധതിയുടെ പ്രധാന സവിശേഷതകൾ താഴെപ്പറയും പ്രകാരമാണ്.*

- *3 ലക്ഷം രൂപ മുതൽ 51 ലക്ഷം രൂപ വരെ ഒറ്റത്തവണയായി ഈ പദ്ധതിയിൽ പ്രവാസി കേരളീയർക്ക് നിക്ഷേപിക്കാവുന്നതാണ്.*
- *നിക്ഷേപ തീയതി മുതൽ 3 വർഷം കഴിയുന്ന മുറയ്ക്ക് നിക്ഷേപകന് പ്രതിമാസ ഡിവിഡന്റ് ലഭ്യമാകുന്നതാണ്. ആദ്യ മൂന്ന് വർഷങ്ങളിലെ 10% നിരക്കിലുള്ള വാർഷിക ഡിവിഡന്റ് നിക്ഷേപ തുകയോട് കൂട്ടിച്ചേർക്കുന്നതാണ്. മൂന്നാം വർഷ അവസാനമുള്ള നിക്ഷേപ തുകയുടെ 10% ആയിരിക്കും ഡിവിഡന്റായി നൽകുന്നത്.*
- *നിക്ഷേപകന്റെ കാലശേഷം ജീവിത പങ്കാളിക്ക് ഈ പ്രതിമാസ ഡിവിഡന്റ് അവരുടെ മരണം വരെ ലഭിക്കുന്നതാണ്. നിക്ഷേപകന്റെയും ജീവിതപങ്കാളിയുടെയും കാലശേഷം നിയമപരമായ അവകാശിക്ക്/ നോമിനിക്ക് നിക്ഷേപ തുക തിരികെ ലഭിക്കുന്നു. പ്രതിമാസ ഡിവിഡന്റ് നല്കുന്നത് അതോടൊപ്പം അവസാനിക്കുന്നു.*

### ആർക്കൊക്കെ ഈ പദ്ധതിയിൽ ചേരാം

2008-ലെ പ്രവാസി കേരളീയരുടെ ക്ഷേമ ആക്ടിലെ വ്യവസ്ഥകൾ പ്രകാരം താഴെപ്പറയുന്നവർക്ക് ഈ പദ്ധതിയനുസരിച്ച് നിക്ഷേപം നടത്താവുന്നതാണ്.

1) **പ്രവാസി കേരളീയൻ (വിദേശം)** - നിലവിൽ വിദേശത്ത് ജോലി ചെയ്യുന്ന കേരളീയർ.
2) **മുൻ പ്രവാസി കേരളീയൻ (വിദേശം)** - രണ്ട് വർഷത്തിൽ കുറയാത്ത കാലയളവിൽ വിദേശത്ത് ജോലി ചെയ്ത ശേഷം കേരളത്തിൽ സ്ഥിരതാമസമാക്കിയ കേരളീയർ
3) **പ്രവാസി കേരളീയൻ (ഭാരതം)** - കേരളത്തിന് പുറത്ത് ഇന്ത്യയ്ക്കകത്ത് ആറുമാസത്തിലധികമായി ജോലി സംബന്ധമായി താമസിച്ചുവരുന്ന കേരളീയർ.

**N.B:** *ഓൺലൈൻ മുഖാന്തിരമാണ് പ്രവാസി ഡിവിഡന്റ് പദ്ധതിയിൽ നിക്ഷേപം നടത്തേണ്ടത്. അതിനായി www.pravasikerala.org എന്ന വെബ്സൈറ്റിൽ **Login** ചെയ്യേണ്ടതാണ്. ഇത് സംബന്ധിച്ച സംശയങ്ങൾക്ക് **8078550515** എന്ന നമ്പരിൽ ബന്ധപ്പെടുക.*